പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 11.07..2014 -ൽ |
| നിയമസഭാ ചോദ്യം നം: **7106** | മറുപടിയ്ക്ക് |

## സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം (സി.ഇ.ടി) കാമ്പസിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (സി.ഇ.ആർ.ഡി) ന്റെ പ്രവർത്തന ലക്ഷ്യം വ്യക്തമാക്കാമോ; പ്രസ്തുത പ്രോജക്ട് എന്നാണ് തിരുവനന്തപുരത്ത് ആരംഭിച്ചത് ; | (എ) സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (സി.ഇ.ആർ.ഡി) 2009 ഡിസംബർ 16 -നാണ് പ്രവർത്തനം ആരംഭിച്ചത്. സി.ഇ.ആർ.ഡി.-യുടെ പ്രവർത്തന ലക്ഷ്യങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനത്തിനുള്ള ധനസഹായം എവിടെ നിന്നാണ് ലഭിക്കുന്നത്; | (ബി) സി.ഇ.ആർ.ഡി യുടെ പ്രവർത്തനത്തിനുള്ള ധനസഹായം കേരള സർക്കാരിൽ നിന്നാണ് ലഭിയ്ക്കുന്നത്. |
| (സി) 3 1 .03. 201 4 വരെ എത്ര രൂപ ധന സഹായമായി ലഭിച്ചു ; എത്ര തുക വിനിയോഗിച്ചു ; | 31..03..2014 വരെ 6,47,00,000 രൂപ ധനസഹായമായി ലഭിച്ചു. അതിൽ 6,04,80,993 രൂപ വിനിയോഗിച്ചു. |
| (ഡി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട് ; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; കരാർ ജീവനക്കാരുണ്ടെങ്കിൽ എത്ര; അവരുടെ നിയമന രീതി എന്നിവ വ്യക്തമാക്കാമോ; | (ഡി) ഉത്തരം അനുബന്ധം (2) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | സ്ഥിരം ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്തുവരുന്നു ; | (ഇ) & (എഫ്) | സ്ഥിരം ജീവനക്കാർ ആരുംതന്നെ ഇല്ല. |
| (എഫ്) | പ്രോജക്ട് ആരംഭം മുതലുള്ള സ്ഥിരം ജീവനക്കാരുടെ വിവരവും തസ്തികയും ലഭ്യമാക്കാമോ; സ്ഥിരം ജീവനക്കാരുണ്ടെങ്കിൽ അവരെ നിയമിക്കുവാൻ സർക്കാർ ഉത്തരവുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

## സി.ഇ.ആർ.ഡി യുടെ പ്രവർത്തന ലക്ഷ്യങ്ങൾ

1. ഗവൺമെന്റ് കോളേജുകളിലേയും ഗവൺമെന്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലേയും അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഗവേഷണത്തിനുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു മാതൃകാ സാമ്പത്തിക സഹായം നൽകുക എന്നതാണ് പ്രധാന ഉദ്ദേശ്യം (അദ്ധ്യാപകർക്ക് 2 ലക്ഷവും വിദ്യാർത്ഥികൾക്ക് 50000 രൂപയും). ദേശീയ തലത്തിൽ വിദഗ്ദ്ധരായവരുടെ ഒരു സമിതി അംഗീകരിക്കുന്ന പ്രോജക്ടുകൾക്കാണ് ഇത്തരം ധനസഹായം നൽകുക.
2. മുകളിൽ പറയപ്പെട്ട സ്ഥാപനങ്ങളിൽ ഗവേഷണ സംബന്ധമായ സെമിനാറുകൾ, എക്സിബിഷൻ, കോൺഫറൻസ് എന്നിവ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
3. പി.എച്ച്.ഡി. ഡിഗ്രിയിലേക്ക് നയിക്കുന്ന ഗവേഷണത്തിന് അർഹരായ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് അവർക്ക് പ്രതിമാസം 18000 രൂപാ മുതൽ 20000 രൂപ വരെ മൂന്നു വർഷത്തേക്ക് സ്കോളർഷിപ്പ് അനുവദിക്കുക.
4. കഴിഞ്ഞ മൂന്നു വർഷത്തെ ഗവേഷണ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് ഏറ്റവും നല്ല ഗവേഷകനെ തെരഞ്ഞെടുക്കുന്നു. ആ ഗവേഷകന് 15 ലക്ഷം രൂപ ഗവേഷണ പ്രോജക്ടിനായി നൽകുന്നു. മുകളിൽ പറഞ്ഞതുപോലെ ദേശീയ തലത്തിൽ വിദഗ്ദ്ധരായവരുടെ ഒരു കമ്മറ്റിയാണ് ഇത് നടത്തുന്നത്.
5. അദ്ധ്യാപകർക്ക് ദേശീയതലത്തിലും അന്തർ ദേശീയതലത്തിലും കോൺഫറൻസുകളിൽ പങ്കെടുക്കാനും തങ്ങളുടെ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും വേണ്ട സാമ്പത്തിക സഹായം നൽകുക.
6. കേരള സയൻസ് കോൺഗ്രസ്സിന്റെ മാതൃകയിൽ എല്ലാ വർഷവും ദേശീയ സാങ്കേതിക കോൺഗ്രസ്സ് സംഘടിപ്പിക്കുക.

സെക്ഷൻ ഓഫീസർ

അനുബന്ധം (2)

## സി.ഇ.ആർ.ഡി. യിലെ ജീവനക്കാരുടെ ഘടന

സി.ആർ.ഇ.ഡി. യിൽ ഇപ്പോൾ 4 ജീവനക്കാരാണ് ഉള്ളത്.. ഇതിൽ മൂന്നു പേർ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും, ഒരാൾ പാർട്-ടൈം കരാർ ജീവനക്കാരനുമാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ രണ്ടു അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ സേവനം വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. സി.ഇ.ആർ.ഡി. യുടെ ഇപ്പോഴത്തെ ഓഫീസ് ഘടന താഴെ പറയും പ്രകാരം ആണ്.

1. ഡയറക്ടർ (എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസർ. അദ്ദേഹത്തിന്റെ അദ്ധ്യാപന സമയത്തെ ബാധിക്കാതെ സി.ഇ.ആർ.ഡി യുടെ ഡയറക്ടർ സ്ഥാനം കൂടി വഹിക്കേണ്ടതാണ്).
2. വർക്കിംഗ് അറേഞ്ച്മെന്റിൽ സേവനമനുഷ്ടിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് 2 പേർ.
3. പാർട്ട് ടൈം അക്കൗണ്ടന്റ് മാസം 6000 രൂപ എന്ന കണക്കിൽ കരാർ അടിസ്ഥാനത്തിൽ.
4. ദിവസവേതന കൂലിയിൽ ഒരു ടൈപ്പിസ്റ്റ്, പ്യൂൺ, സ്വീപ്പർ.

ഇവരുടെ നിയമന രീതി താഴെ പറയും പ്രകാരം ആണ്.

1. ഡയറക്ടർ – ഗവൺമെന്റ് നേരിട്ടുള്ള നിയമനം.
2. സി. ഇ. ആർ.ഡി. യുടെ എഞ്ചിനീയറിംഗ് റിസർച്ച് കൗൺസിലിന്റെ അഭ്യർത്ഥന പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചത്.

3&4. എഞ്ചിനീയറിംഗ് റിസർച്ച് കൗൺസിൽ/എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അനുവാദത്തോടെ ഡയറക്ടർ നിയമിച്ചത്.

സെക്ഷൻ ഓഫീസർ